

# വാർത്തകളും കുറിപ്പുകളും

**1. വാർഷിക പൊതുയോഗം 2026**

വാർഷിക പൊതുയോഗം 12-07-2026 ഞായറാഴ്ച രാവിലെ സംയുക്താരാധനക്കുശേഷം റവ തോമസ് പായിക്കാടച്ചന്റെ അധ്യക്ഷതയിൽ പള്ളിയിൽ വച്ച് നടത്തപ്പെട്ടു. മുൻ വികാരി റവ അലക്സ് പി ഉമ്മനച്ചൻ സന്നിഹിതനായിരുന്നു. മുൻപൊതുയോഗമിനിറ്റ്സുകളും, വാർഷിക റിപ്പോർട്ടും, സെക്രട്ടറിയും, വാർഷിക കണക്കും ബഡ്ജറ്റും ട്രഷററും വായിച്ചവതരിപ്പിച്ചു. എഴുതി നൽകിയ ചോദ്യങ്ങൾക്കുള്ള മറുപടികൾക്കും വിശദമായ ചർച്ചകൾക്കും ശേഷം മറ്റുനടപടിക്രമങ്ങൾ പൂർത്തിയാക്കി ഉച്ചക്ക് ഒരുമണിയോടെ. യോഗനടപടികൾ അവസാനിപ്പിച്ചു. പൊതുയോഗത്തിന് സ്വാഗതം ശ്രീ എം ജെ കുരുവിളയും, നന്ദി ശ്രീ കോര എബ്രഹാമും അറിയിച്ചു.

**2. അലക്സച്ചന് യാത്രയയപ്പ്**

നെടുങ്ങാടപ്പള്ളിയിലേക്ക് സ്ഥലം മാറ്റം ലഭിച്ചു പോയ അലക്സച്ചന് 12-7-26, വാർഷിക പൊതുയോഗത്തിന് ശേഷം സമുചിതമായ യാത്രയയപ്പ് നൽകുകയുണ്ടായി. കൈക്കാരൻ ശ്രീ എം ജെ കുരുവിള ആശംസകൾ അറിയിച്ചു. ട്രഷറർ ശ്രീ. സോമൻ ജോൺ സഭയുടെ സ്നേഹോപഹാരം നൽകി. മറുപടി പ്രസംഗത്തിൽ കഴിഞ്ഞ രണ്ടുവർഷത്തെ ശുശ്രൂഷയിൽ സഹകരിച്ച ഏവർക്കും നന്ദി അറിയിച്ചു. ശ്രീ കോര എബ്രഹാം യോഗത്തിന് നന്ദി അറിയിച്ചു. വാർഷിക പൊതുയോഗത്തിലും, യാത്രയയപ്പ് യോഗത്തിലും പങ്കെടുത്തവർക്ക് പ്രഭാത ഭക്ഷണവും, ഉച്ചഭക്ഷണവും ക്രമീകരിച്ചിരുന്നു. 13.7.26 നുള്ള അലക്സച്ചന്റെ മടക്കയാത്രയിൽ 16 സഭാംഗങ്ങൾ അച്ചനെയും കുടുംബത്തെയും നെടുങ്ങാടപ്പള്ളിവരെ അനുഗമിക്കയുണ്ടായി. തിരികയുള്ള യാത്രയിൽ ആരോഗ്യ പ്രശ്നങ്ങൾ നേരിടുന്ന മുൻ വികാരി പി കെ ചാക്കോ അച്ചനെ തന്റെ മുണ്ടിയപ്പള്ളിയിലുള്ള ഭവനത്തിൽ സന്ദർശിക്കയുണ്ടായി.

**3. തിരഞ്ഞെടുപ്പ് പൊതുയോഗം 19-07-2026**

തെരഞ്ഞെടുപ്പ് പൊതുയോഗം 19-07-26 ഞായറാഴ്ച സംയുക്താരാധനക്ക് ശേഷം പള്ളിയിൽ വച്ച് നടത്തപ്പെട്ടു. 1780 വോട്ടർമാരുള്ള

തിൽ 636 പേർ തങ്ങളുടെ സമ്മതിദാനാവകാശം വിനിയോഗിച്ചു. ഉച്ചക്ക് 2 മണിക്ക് വോട്ടെടുപ്പ് പൂർത്തിയായി. തുടർന്ന് വോട്ടെണ്ണൽ ആരംഭിച്ചു. രാത്രി 9.30 ഓടെ വോട്ടെണ്ണൽ പൂർത്തിയായി. 9.40 ന് പായിക്കാടച്ചൻ വിജയികളെ പ്രഖ്യാപിച്ചു. മഹായിടവക ബിഷപ്പിന്റെ അംഗീകാരം ലഭിച്ചശേഷം പുതിയ കമ്മിറ്റിക്ക് ചുമതല കൈമാറുന്നതാണ് ആരാധന യിൽ പങ്കെടുത്തവർക്കു പ്രഭാത ഭക്ഷണം ക്രമീകരിച്ചിരുന്നു.

**4. മഹായിടവക ദിനാഘോഷങ്ങൾ**

148-ാമത് മഹായിടവക ദിനാഘോഷങ്ങളുടെ ഭാഗമായി കഴിഞ്ഞ ലക്കം അറിയിച്ചിരുന്നതുപോലെ ജൂലൈ 11 ന് കോട്ടയം സി. എം. എസ്. കോളേജിൽ വച്ച് ചരിത്രസെമിനാറും, ജൂലൈ 18 ന് മാവേലിക്കരയിൽ മേഖലാ സമ്മേളനവും നടത്തി. പതാകദിനാചരണത്തിന്റെ ഭാഗമായി ജൂലൈ 19 ഞായറാഴ്ച ആരാധനക്കുശേഷം പായിക്കാടച്ചന്റെ നേതൃത്വത്തിൽ പള്ളി പരിസരത്ത് സഭയുടെ പതാക ഉയർത്തൽ കർമ്മം നിർവഹിക്കയുണ്ടായി. മഹായിടവകയുടെ ആഭിമുഖ്യത്തിൽ വിദ്യാർത്ഥികൾ, യുവജനങ്ങൾ, ഗായകസംഘങ്ങൾ എന്നിവർക്കായി വിവിധ മത്സരങ്ങളും സംഘടിപ്പിക്കയുണ്ടായി ജൂലൈ 25 ഞായറാഴ്ച ഉച്ചക്കു ശേഷം കോട്ടയം മഹായിടവക റിട്രീറ്റ് സെന്ററിൽ വച്ച് വിവിധ ആത്മീയ, സാമൂഹ്യ, സാംസ്കാരിക, രാഷ്ട്രീയ മേഖലകളിലെ നേതാക്കന്മാർ പങ്കെടുത്ത പൊതുസമ്മേളനവും നടത്തുകയുണ്ടായി.

**5. ആരാധനകളുടെ തത്സമയ പ്രക്ഷേപണം.**

5-7-26 മുതൽ രണ്ട് ആരാധനകളും പരീക്ഷണാടിസ്ഥാനത്തിൽ തത്സമയം സംപ്രേഷണം ചെയ്തുവരുന്നു. കൂടാതെ, സ്തോത്രകാഴ്ച സ്വീകരിക്കുന്ന സമയത്ത് ഡിജിറ്റൽ പേയ്മെന്റ് ഓപ്ഷൻ ടി.വി. സ്ക്രീനിൽ പ്രദർശിപ്പിക്കുന്നതുമാണ്,ഇതോടൊപ്പം ഡിജിറ്റൽ പെയ്മെന്റിനുള്ള ക്യു ആർ കോഡ് ഇംഗ്ലീഷ്, മലയാളം ഭാഷകളിലുമുള്ള പാട്ടു പുസ്തകങ്ങളിൽ സൂക്ഷിച്ചിട്ടുണ്ട്. ഡിജിറ്റൽ പേയ്മെന്റ് വഴി സ്തോത്രകാഴ്ച നൽകാൻ ആഗ്രഹിക്കുന്നവർക്ക് ഈ സൗകര്യങ്ങൾ ഉപയോഗിക്കാവുന്നതാണ്. ഈ പുതിയ സംരംഭത്തിലൂടെ സ്തോത്രകാഴ്ച മാത്രമേ സ്വീകരിക്കുകയുള്ളൂ. ഈ പേയ്മെന്റുകൾക്ക് രസീതുകൾ നൽകു ന്നതുമല്ല.

**6. ഗായക സംഘ ഞായർ**

6.9.26 ഞായർ ഗായകസംഘ ഞായറായി മഹായിടവക ആചരിക്കുന്നു. ഇടവകയിലെ ആചരണത്തിന് നേതൃത്വം നൽകുവാൻ ഗായക

സംഘ നേതൃത്വം ശ്രദ്ധിക്കുമല്ലോ.'യഥാസ്ഥാനത്തിന്റെ പാട്ടുകൾ' എന്നതാണ് ചിന്താവിഷയം.

ഇന്ന് മഹായിടവക ആത്മായ ഞായറായി ആചരിക്കുന്നു. യഥാസ്ഥാനപ്പെടുത്തുന്ന ക്രിസ്തു എന്നത് ക്രിസ്തീയ ആത്മീയതയിൽ ഏറെ പ്രത്യാശയും ആശ്വാസവും നൽകുന്ന ഒരു പ്രധാന വിഷയമാണ്. പാപത്താലും നിരാശകളാലും ദൈവവുമായുള്ള ബന്ധത്തിൽ നിന്ന് അകന്നുപോയ മനുഷ്യരാശിയെ തന്നിലേക്ക് വീണ്ടും അടുപ്പിക്കുകയും, തകർന്ന ജീവിതങ്ങളെ വീണ്ടെടുക്കുകയും ചെയ്യുന്ന രക്ഷകനാണ് യേശുക്രിസ്തു. തകർച്ചകളിൽ കഴിയുന്ന ഏവർക്കും ഒരു പുതിയ തുടക്കം വാഗ്ദാനം ചെയ്യുകയാണ് ക്രിസ്തുവിന്റെ അളവറ്റ സ്നേഹം. ക്രിസ്തുവിന്റെ ഭൗമിക ശുശ്രൂഷകൾ മനുഷ്യരെ യഥാസ്ഥാനപ്പെടുത്തുന്നതിന്റെ ഉത്തമ ഉദാഹരണങ്ങളായിരുന്നു. യഥാസ്ഥാനപ്പെടുത്തൽ എന്നാൽ കേവലം പഴയ അവസ്ഥയിലേക്ക് മടങ്ങുക എന്നതല്ല, മറിച്ച് ക്രിസ്തുവിൽ കൂടുതൽ സമ്പൂർണ്ണവും അനുഗ്രഹീത വുമായ ഒരു പുതിയ ജീവിതം പ്രാപിക്കുക എന്നതാണ്. തകർന്ന ഹൃദയങ്ങളെ സൗഖ്യമാക്കാനും, നഷ്ടപ്പെട്ടുപോയ സമാധാനവും സന്തോഷവും പുനഃസ്ഥാപിക്കാനും ക്രിസ്തുവിലൂടെ നമുക്ക് സാധ്യമാകട്ടെ.

കഴിഞ്ഞ കാലയളവിൽ ക്രൈസ്റ്റ് ചർച്ചിന്റെ സെക്രട്ടറിയായി സേവനം അനുഷ്ഠിക്കുവാൻ സാധിച്ചതിൽ എനിക്ക് അതിയായ സന്തോഷവും അഭിമാനവുമുണ്ട്. എന്നെ വിശ്വസിച്ച് ഈ ചുമതല ഏൽപ്പിച്ച ഇടവക വികാരിക്കും, പൂർണ്ണ പിന്തുണ നൽകിയ കമ്മിറ്റി അംഗങ്ങൾക്കും എല്ലാ സഭാംഗങ്ങൾക്കും ഹൃദയം നിറഞ്ഞ നന്ദി രേഖപ്പെടുത്തുന്നു. ക്രൈസ്റ്റ് ചർച്ച് സഭയുടെ പുരോഗതിക്കായി ഒന്നിച്ചു പ്രവർത്തിക്കുവാൻ കഴിഞ്ഞത് വലിയൊരു അനുഗ്രഹമായിരുന്നു. എന്റെ പ്രവർത്തനങ്ങളിൽ വന്നിട്ടുള്ള പാളിച്ചകളും തെറ്റുകുറ്റങ്ങളും ദയവായി ക്ഷമിക്കണമെന്നഭ്യർത്ഥിക്കുന്നു, അതോടൊപ്പം പുതിയതായി ചുമതലയേൽക്കുന്ന ഭരണസമിതിക്ക് എല്ലാവിധ പിന്തുണയും പ്രാർത്ഥനയും വാഗ്ദാനം ചെയ്യുകയും ചെയ്യുന്നു.

ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

സ്വാതന്ത്ര്യദിന, ഓണാശംസകളോടെ...

**സജി സാം ജോർജ്ജ്**

സെക്രട്ടറി